ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ.അനൂപ് ജേക്കബ്) : സർ,

(എ) പാചകവാതക സിലിണ്ടറുകൾ ബോട്ടിലിംഗ് പ്ലാന്റുകളിൽ നിന്ന് അയയ്ക്കുന്നതിനുമുൻപ് പരിശോധന നടത്താറുണ്ട്. ഇപ്രകാരം വിതരണ ഏജൻസികളിൽ എത്തുന്ന സിലിണ്ടറുകളിൽ കുറഞ്ഞത് 10% സിലിണ്ടറുകൾ പരിശോധനയ്ക്ക് വിധേയമാക്കപ്പെടുന്നു. അതിനുശേഷം വിതരണത്തിനായി അയയ്ക്കുന്ന ഓരോ സിലിണ്ടറും എജൻസിയിൽ വച്ച് പരിശോധന നടത്തുന്നു. ഉപഭോക്താക്കളുടെ വീട്ടിലെത്തിക്കുന്ന സിലിണ്ടറുകളുടെ ഭാരവും ചോർച്ചയും പരിശോധന നടത്തിയാണ് വിതരണം ചെയ്യുന്നത്. ഇവയാണ് പാചകവാതക സിലിണ്ടറുകളുടെ സുരക്ഷ ഉറപ്പാക്കുന്നതിന് ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങളെന്ന് എണ്ണക്കമ്പനികളുടെ സംസ്ഥാനതല കോ-ഓർഡിനേറ്റർ അറിയിച്ചിട്ടുണ്ട്.

(ബി) ഇല്ല.

(സി) ബോട്ടിലിംഗ് പ്ലാന്റുകളിൽ വച്ച് സിലിണ്ടറുകൾ പ്രഷർ ടെസ്റ്റിനു വിധേയമാക്കുകയും കൂടുതൽ പരിശോധന ആവശ്യമായ സിലിണ്ടറുകൾ വേർതിരിക്കപ്പെടുകയും ചെയ്യുന്നു. ഇതുകൂടാതെ ഉപഭോക്താക്കൾക്കായി വിതരണ ഏജൻസികൾ സേഫ്റ്റി ക്ലിനിക്കുകൾ സംഘടിപ്പിക്കാറുണ്ട് എന്നും പാചകവാതകം കൈകാര്യം ചെയ്യുമ്പോൾ സ്വീകരിക്കേണ്ട മുൻകരുതലുകൾ എന്തൊക്കെയാണെന്ന് വിശദീകരിക്കാറുണ്ടെന്നും എണ്ണക്കമ്പനികളുടെ സംസ്ഥാനതല കോ-ഓർഡിനേറ്റർ അറിയിച്ചിട്ടുണ്ട്.

ഇ-ടെണ്ടറിംഗ് സംവിധാനം

7 (*247) ശ്രീ. കെ. മുരളീധരൻ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുമരാമത്ത് വകുപ്പിൽ ഇ-ടെണ്ടറിംഗ് സംവിധാനം നടപ്പാക്കിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പ്രസ്തുത സംവിധാനംവഴി നേടാൻ ഉദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ നൽകുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) എന്തെല്ലാം സൗകര്യങ്ങളാണ് ഈ സംവിധാനംവഴി ലഭ്യമാക്കുന്നതെന്ന് വിശദമാക്കുമോ ;

(ഡി) ഈ സംവിധാനത്തിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട് സഹകരിക്കുന്നത് ആരൊക്കെയാണെന്നും വിശദാംശങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ ?

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്) : സർ,

(എ) ഉണ്ട്. കേന്ദ്ര വാണിജ്യ മന്ത്രാലയത്തിന്റെ ധനസഹായത്തോടെയുള്ള നാഷണൽ ഇ-ഗവേർണൻസ് പ്രോഗ്രാമിന്റെ (NeGP) ഭാഗമായി 2011 ഡിസംബർ മുതൽ പൊതുമരാമത്ത് വകുപ്പിൽ ഇ-ടെണ്ടറിംഗ് ആരംഭിച്ചിട്ടുണ്ട്. സർക്കാർ ഉത്തരവ് ജി.ഒ.(പി)നം.72/2011/പൊ.മ.വ. തീയതി 3-12-2011 പ്രകാരം ഡിസംബർ 7 മുതൽ പരീക്ഷണാടിസ്ഥാനത്തിൽ റോഡ്സ് & ബ്രിഡ്ജസ് സൗത്ത് സർക്കിൾ ഓഫീസിൽ പ്രീ-ക്വാളിഫിക്കേഷൻ പ്രവൃത്തികൾക്ക് ഇ-ടെണ്ടറിംഗ് സമ്പ്രദായം ആരംഭിച്ചു. തുടർന്ന് 4-2-2012 മുതൽ പൊതുമരാമത്ത് വകുപ്പിലെ എല്ലാ സർക്കിൾ ഓഫീസുകളിലെയും, 2 കോടി രൂപയ്ക്കും അതിനുമുകളിൽ വരുന്ന പ്രീ-ക്വാളിഫിക്കേഷൻ പ്രവൃത്തികൾക്ക് ഇ-ടെണ്ടറിംഗ് ബാധകമാക്കി, എന്നാൽ 1-2-2012-ലെ ജി.ഒ.(പി)നം.13/2012/പൊ.മ.വ പ്രകാരം പൊതുമരാമത്ത് വകുപ്പ് മാന്വൽ പരിഷ്കരിച്ചപ്പോൾ പ്രീ-ക്വാളിഫിക്കേഷൻ പ്രവൃത്തികളുടെ അടങ്കൽ തുകയുടെ പരിധി 5 കോടി രൂപയായി വർദ്ധിപ്പിക്കുകയുണ്ടായി. ഇപ്പോൾ പൊതുമരാമത്ത് വകുപ്പ് സർക്കിൾ ഓഫീസുകളിൽ 5 കോടി രൂപയ്ക്ക് മുകളിൽ അടങ്കൽ തുകയുള്ള പ്രവൃത്തികൾക്കാണ് ഇ-ടെണ്ടറിംഗ് നടത്തുന്നത്. എക്സിക്യൂട്ടീവ് എഞ്ചിനീയർ തലത്തിൽ (25 ലക്ഷത്തിനു മുകളിൽ) വിളിക്കുന്ന എല്ലാ ടെണ്ടറുകൾക്കും ഇ-ടെണ്ടറിംഗ് നടപ്പിലാക്കിയിട്ടുണ്ട്.

(ബി) പൊതുമരാമത്ത് വകുപ്പിലെ ടെണ്ടറിംഗ് നടപടികൾ കൂടുതൽ കാര്യക്ഷമതയോടെ വേഗത്തിൽ പൂർത്തിയാക്കുക എന്ന ലക്ഷ്യത്തോടെയാണ് ഇ-ടെണ്ടറിംഗ് സംവിധാനം നടപ്പിലാക്കിയത്. കോൺട്രാക്ടർമാർക്ക് പൊതുമരാമത്ത് ഓഫീസുകളിൽ നേരിട്ട് ഹാജരാകാതെതന്നെ വെബ്സൈറ്റിൽ നിന്നും ടെണ്ടർ documents വായിക്കാനും ടെണ്ടറിൽ പങ്കെടുക്കുവാനും, രഹസ്യ സ്വഭാവം പാലിക്കുന്നതിനും സാധിക്കും.

(സി) കോൺട്രാക്ടർമാർക്ക് പൊതുമരാമത്ത് ഓഫീസുകളിൽ നേരിട്ട് ഹാജരാകാതെതന്നെ വെബ്സൈറ്റിൽ നിന്നും ടെണ്ടർ documents വായിക്കാനും ടെണ്ടറിൽ പങ്കെടുക്കുവാനും സാധിക്കും. ടെണ്ടറിൽ പങ്കെടുത്ത വ്യക്തികളുടെ

LIBRARY ARCHIVES Kerala Legislative Assembly

വിവരങ്ങൾ ടെണ്ടർ തുറക്കുന്ന സമയംവരെ മറ്റുള്ളവർക്ക് അറിയുവാൻ സാധിക്കില്ല. ആയതിനാൽ ടെണ്ടറുകളിൽ കൂടുതൽ മത്സരക്ഷമത ഉറപ്പുവരുത്തുന്നു. ടെണ്ടർ നടപടികളുടെ വിശദാംശങ്ങൾ വെബ്സൈറ്റിൽ സ്റ്റോർ ചെയ്യുകയും പൊതുജനങ്ങൾക്ക് ലഭ്യമാകുകയും ചെയ്യും. ടെണ്ടർ നടപടികൾ കൂടുതൽ സുതാര്യമായി വളരെ വേഗത്തിൽ പൂർത്തിയാക്കുവാനും കഴിയും.

(ഡി) കേന്ദ്ര വാണിജ്യ മന്ത്രാലയത്തിന്റെ ധനസഹായത്തോടെയുള്ള നാഷണൽ ഇ-ഗവേർണൻസ് പ്രോഗ്രാമിന്റെ (NeGP) ഭാഗമായാണ് കേരളത്തിലെ വിവിധ സർക്കാർ വകുപ്പുകളിൽ ഇ-ടെണ്ടറിംഗ് സംവിധാനം നടപ്പിലാക്കിയത്. എൻ.ഐ.സി വികസിപ്പിച്ച GEPNIC എന്ന സോഫ്റ്റ് വെയർ ഉപയോഗിച്ചാണ് കേരളത്തിൽ ഈ പദ്ധതി നടപ്പിലാക്കുന്നത്. കേരളത്തിൽ ഈ പദ്ധതിയുടെ ഏകോപനം നിർവ്വഹിക്കുന്നത് ഐ.ടി.മിഷൻ ആണ്. ഇതിനുവേണ്ട സാങ്കേതിക സഹായം (payment gateway) നൽകുന്നത് എസ്.ബി.ടി.യാണ്. സംസ്ഥാന ട്രഷറി വകുപ്പും ധനവകുപ്പും ഐ.ടി.വകുപ്പും ചേർന്നാണ് ഈ സംവിധാനത്തിന്റെ ഏകോപനം നിർവ്വഹിക്കുന്നത്.

വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പ്രാഥമിക ആവശ്യത്തിനുള്ള സൗകര്യവും കടിവെള്ളവും

8 (*248) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി :
ശ്രീ. സി. മോയിൻകുട്ടി :
ശ്രീ. കെ. എൻ. എ. ഖാദർ :
ശ്രീ. പി. ബി. അബ്ദുൾ റസാക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പ്രാഥമിക ആവശ്യത്തിനുള്ള സൗകര്യവും കടിവെള്ളവും ലഭ്യമാക്കുന്ന പദ്ധതിയുടെ നടത്തിപ്പ് വിലയിരുത്തിയിട്ടുണ്ടോ ; വിശദവിവരം വെളിപ്പെടുത്തുമോ ;

(ബി) പ്രസ്തുത സൗകര്യങ്ങൾ പൂർണ്ണമായും ഇപ്പോഴും ലഭ്യമായിട്ടില്ലാത്ത സ്ഥാപനങ്ങളുടെയും നിലവിലെ സംവിധാനത്തിൽ അറ്റകുറ്റപ്പണികൾ ആവശ്യമായവയുടെയും വിവരം ശേഖരിച്ചിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ;

(സി) ഇതു സംബന്ധിച്ച അപര്യാപ്തതകൾ പരിഹരിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ ?

807/2017

LIBRARY ARCHIVES Kerala Legislative Assembly